(സി)—(ഇ) മുമ്പ് വൈദ്യുതി കണക്ഷൻ കൊടുക്കുവാനുള്ള സാധന സാമഗ്രികൾ കേന്ദ്രീകൃത പർച്ചേയ്സിലൂടെയായിരുന്നു വാങ്ങിയിരുന്നത്. അങ്ങനെ വാങ്ങുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുവാൻ കാലതാമസം നേരിടുന്നതു കൊണ്ട് മീറ്റർ, ട്രാൻസ്ഫോർമർ, കണ്ടക്ടർ കേബിൾ എന്നിവ ഒഴികെയുള്ള സാമഗ്രികൾ വാങ്ങുവാൻ അതാത് റീജിയണൽ ചീഫ് എഞ്ചിനീയർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ആവശ്യാനുസരണം സാധനങ്ങൾ വാങ്ങി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സംസ്ഥാനത്തെ പുതിയ ഗാർഹിക വൈദ്യുതി കണക്ഷനുകൾ

52 [363] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്താകെ എത്ര പുതിയ ഗാർഹിക വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നു ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ സെക്ഷൻ ആഫീസുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ വിവിധ സെക്ഷൻ ആഫീസുകളിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ എണ്ണം സെക്ഷൻ ആഫീസ് തിരിച്ച് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്താകെ പുതിയ ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ഏതു കാലയളവുവരെ അപേക്ഷിച്ചവർക്കാണ് കണക്ഷൻ നൽകി കഴിഞ്ഞതെന്നു വ്യക്തമാക്കുമോ;

(ഇ) ബാക്കി അപേക്ഷകർക്ക് എത്രയും വേഗം കണക്ഷൻ നൽകുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	തിരുവനന്തപുരം	135480
	കൊല്ലം	100582
	പത്തനംതിട്ട	45556
	കോട്ടയം	68981
	ആലപ്പുഴ	74933
	എറണാകുളം	124358
	തൃശ്ശൂർ	145667
	ഇടുക്കി	45272
	പാലക്കാട്	112376
	മലപ്പുറം	156847
	കോഴിക്കോട്	167357
	വയനാട്	20125
	കണ്ണൂർ	111836
	കാസർഗോഡ്	55272

(ബി) & (സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി)

	നാർത്ത്	*സെൻട്രൽ*	*സൗത്ത്*
വെതർ പ്രൂഫ്	31-7-2004 വരെ	12/2004 വരെ	12/2004 വരെ
ഓവർ ഹെഡ്	31-1-1999 വരെ	8/2000 വരെ	11/1999 വരെ

(ഇ) 31-12-2003 വരെ രജിസ്റ്റർ ചെയ്ത ഓവർഹെഡ് കണക്ഷനുകളും 30-4-2005 വരെ രജിസ്റ്റർ ചെയ്ത വെതർ പ്രൂഫ് കണക്ഷനുകളും നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഗാർഹിക കണക്ഷനുകൾ എത്രയും പെട്ടെന്ന് നൽകുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- കേന്ദ്രീകൃതമായിരുന്ന പർച്ചേഴ്സ് വികേന്ദ്രീകരിച്ച് ചീഫ് എഞ്ചിനീയർമാർക്കും ഡെപ്യൂട്ടി ചീഫ്എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.
- ചീഫ് എഞ്ചിനിയർമാരുടേയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടേയും പർച്ചേസിംഗ് പവർ കൂട്ടിയിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

•ബോർഡിന്റെ മെക്കാനിക്കൽ വർക്ക്ഷോപ്പുകളിൽ സാധനങ്ങൾ സ്വന്തമായി നിർമ്മിച്ച് ലഭ്യമാക്കുന്നുണ്ട്.

•ഈ സംവിധാനത്തിന്റെ ഉൽപാദനം കൂട്ടുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

•പോസ്റ്റുകൾ ലഭ്യമാക്കുതിനുള്ള ഓർഡറുകൾ എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പുതിയ വൈദ്യുതി കണക്ഷൻ

53 [364] *ശ്രീ. ജി. കാർത്തികേയൻ:*
,, *വി. ജെ. പൗലോസ്:*
,, *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുണ്ട്;

(ബി) സംസ്ഥാനത്തുള്ള എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനായി ഇനി എത്ര വീടുകൾക്ക് കൂടി കണക്ഷൻ നൽകേണ്ടതുണ്ട്;

(സി) ബാക്കിയുള്ള എല്ലാ വീടുകളിലും എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

ഉത്തരം

(എ) 31-5-2005 വരെ 59 ലക്ഷം.

(ബി) 6 ലക്ഷം.

(സി) രണ്ടു വർഷത്തിനുള്ളിൽ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പോസ്റ്റുകൾ നിർമ്മിക്കുന്നതും വാങ്ങുന്നതും സംബന്ധിച്ച വ്യവസ

54 [365] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
,, *വി. ചെന്താമരാക്ഷൻ:*
,, *എം. വി. ജയരാജൻ:*
,, *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനാവശ്യമായ വിവിധ ഇനം പോസ്റ്റുകൾ നിർമ്മിക്കുന്നതും വാങ്ങുന്നതും സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly